بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 27.11.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## ഖുലഫാഉർറാശിദീൻ :
## ഹദ്റത്ത് അലി(റ)

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ۝ اَلرَّحۡمٰنِ الرَّحِيۡمِ۝ مٰلِكِ يَوۡمِ الدِّيۡنِ۝ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ۝

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآ لِّيۡنَ۝

തശഹ്ഹദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു:

ഇന്ന്, ഹദ്റത്ത് അലി ബിൻ അബൂത്വാലിബിന്റെ അനുസ്മരണത്തോടുകൂടി ഞാൻ തുടങ്ങുകയാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുൽ മനാഫ് എന്നായിരുന്നു. വിളിപ്പേര് അബൂത്വാലിബ് എന്നുമായിരുന്നു. മാതാവിന്റെ പേര് ഫാത്വിമ ബിൻ ഹസൻ ബിൻ ഹാശിം എന്നായിരുന്നു. ഇദ്ദേഹം തിരുനബി(സ)ന്റെ പ്രവാചകത്വത്തിന് 10 വർഷം മുൻപാണ് ജനിച്ചത്. ഹദ്റത്ത് അലി(റ)ന്റെ രൂപാകാരത്തെ സംബന്ധിച്ച് പറയുന്നു: അദ്ദേഹത്തിന് ഇടത്തരം ഉയരമായിരുന്നു. കണ്ണുകൾ കറുത്തതും ശരീരം തടിച്ചതും ചുമലുകൾ വീതിയുള്ളതും ആയിരുന്നു. ഹദ്റത്ത് അലിക്ക് 3 സഹോദരന്മാർ ത്വാലിബ്, അഖീൽ, ജഅ്ഫർ എന്നിവരും രണ്ടു സഹോദരിമാർ ഉമ്മുഹാനി, ഉമ്മുജമാന എന്നിവരുമായിരുന്നു. ഇവരിൽ ത്വാലിബ്, ജമാന എന്നിവ ഒഴികെ മറ്റെല്ലാവരും ഇസ്ലാം സ്വീകരിച്ചു. ഹദ്റത്ത് അലിയുടെ വിളിപ്പേര്, അബുൽ ഹസൻ, അബൂ സബ്ത്വീൻ, അബൂതുർറാബ് എന്നിവയാണ്.സ്വഹീഹ് ബുഖാരിയിലുള്ള നിവേദനമനുസരിച്ച്, റസൂലുല്ലാഹ്(സ) ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ വന്നപ്പോൾ ഹദ്റത്ത് അലിയെ വീട്ടിൽ കണ്ടില്ല. തിരുനബി(സ) ചോദിച്ചു: നിന്റെ പിതൃവ്യപുത്രൻ എവിടെ? ഹദ്റത്ത് ഫാത്വിമ പറഞ്ഞു: എനിക്കും അദ്ദേഹത്തിനും ഇടയിൽ ഒരു സംസാരം ഉണ്ടായി. അദ്ദേഹം എന്നോട് ദേഷ്യപ്പെട്ടു പോയതാണ്. ഉച്ചമയക്കത്തിനുപോലും എന്റെകൂടെ ഉണ്ടായില്ല. തുടർന്ന് തിരുനബി(സ) അദ്ദേഹം എവിടെയാണെന്ന് അന്വേഷിക്കാൻ ഒരാളോട് പറഞ്ഞു. അയാൾവന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! അദ്ദേഹം മസ്ജിദിൽ ഉറങ്ങുന്നുണ്ട്. അങ്ങനെ തിരുനബി(സ) മസ്ജിദിൽ എത്തി. ഹദ്റത്ത് അലി അവിടെ കിടക്കുന്നുണ്ടായിരുന്നു. ഒരു വശത്ത് നിന്ന് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് പുതപ്പ് നീങ്ങിയിരുന്നു. അവിടെ പുറംഭാഗത്ത് അല്പം പൊടി പറ്റിയിരുന്നു. തിരുനബി(സ) പൊടിതുടച്ചിട്ട് പറഞ്ഞു: അബുതുർറാബ്! എഴുന്നേൽക്കൂ, അബൂതുർറാബ്! എഴുന്നേൽക്കൂ. ആ സമയം മുതൽ അദ്ദേഹം അബൂതുർറാബ് എന്ന് വിളിക്കപ്പെടാൻ തുടങ്ങി.

ഹദ്റത്ത് അലി, എങ്ങനെയാണ് തിരുനബി(സ)ന്റെ സംരക്ഷണത്തിൽ വന്നത് എന്നതു സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു:

അബൂത്വാലിബ് വളരെ ആദരണീയനായ വ്യക്തിയായിരുന്നു. പക്ഷേ ദരിദ്രനുമായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹം കഴിച്ചുകൂട്ടിയിരുന്നത്. പ്രത്യേകിച്ചും മക്കയിൽ ഒരിക്കൽ ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ അദ്ദേഹത്തിന്റെ ദിവസങ്ങൾ വളരെ പ്രയാസത്തിലാണ് കടന്നുപോയത്. തിരുനബി(സ) തന്റെ പിതൃവ്യന്റെ ഈ പ്രയാസം കണ്ടപ്പോൾ, മറ്റൊരു പിതൃവ്യനായ അബ്ബാസിനോട് ഒരു ദിവസം പറഞ്ഞു: പിതൃവ്യാ! താങ്കളുടെ സഹോദരൻ അബൂത്വാലിബിന്റെ ജീവിതം വളരെ പ്രയാസത്തിലാണ്. അദ്ദേഹത്തിന്റെ ആൺമക്കളിൽ ഒരാളെ താങ്കൾ ഏറ്റെടുക്കുകയും, ഒരാളെ ഞാൻ ഏറ്റെടുക്കുകയും ചെയ്താൽ എത്ര നന്നായിരുന്നു. അബ്ബാസ് ഈ അഭിപ്രായത്തോട്യോജിച്ചു. അവർ രണ്ടുപേരും ഒന്നിച്ച് അബൂത്വാലിബിന്റെ അടുക്കലെത്തി, അദ്ദേഹത്തിന് മുന്നിൽ ഈ ആവശ്യം പറഞ്ഞു. അദ്ദേഹത്തിന് തന്റെ മക്കളിൽ അഖീലിനോട് ഏറെ സ്നേഹമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അഖീൽ എന്റെ അടുത്ത് തന്നെ നിൽക്കട്ടെ. മറ്റുള്ളവരെ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ കൊണ്ടുപോയ്ക്കൊള്ളുക. അങ്ങനെ ജഅ്ഫറിനെ അബ്ബാസ് തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അലിയെ തിരുനബി(സ)ഉം തന്റെ കൂടെ കൊണ്ടുവന്നു. ഹദ്റത്ത് അലി(റ)ന്റെ പ്രായം അന്ന് ഏകദേശം ആറോ, ഏഴോ ആയിരുന്നു. അതിനുശേഷം ഹദ്റത്ത് അലി, തിരുനബി(സ)ന്റെ കൂടെ തന്നെയായി.

ഹദ്റത്ത് അലി ഇസ്ലാം സ്വീകരിച്ചത് സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: തിരുനബി(സ)ന്റെ വീട്ടിൽ, അല്ലാഹുവിന്റെ വഹ്യ് കുറിച്ച് സംസാരം

നടന്നു. അപ്പോൾ തിരുനബി(സ)ന്റെ വീട്ടിലുണ്ടായിരുന്ന അടിമ സയ്ദ് ബിൻ ഹാരിസ് മുന്നോട്ടു വന്നു കൊണ്ട് പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. തുടർന്ന് ഹദ്റത്ത് അലി, അപ്പോൾ അദ്ദേഹത്തിന് 11 വയസായിരുന്നു പ്രായം, തികച്ചും കുട്ടിയായിരുന്നു. അദ്ദേഹം വാതിൽക്കൽ നിന്ന്, അതായത് തിരുനബി(സ)ഉം ഹദ്റത്ത് ഖദീജയും തമ്മിലുള്ള ഈ സംഭാഷണം കേൾക്കുന്നുണ്ടായിരുന്നു. അതു കേട്ടപ്പോൾ, അതായത് ദൈവീകസന്ദേശം വന്നെന്ന് കേട്ടപ്പോൾ ചുറുചുറുക്കും ജാഗ്രതയുമുള്ള കൊച്ചു കുട്ടിയായിരുന്ന ഹദ്റത്ത് അലി, അദ്ദേഹത്തിന്റെ ഉള്ളിൽ നന്മയുണ്ടായിരുന്നു. നന്മയുടെ ആവേശം അലതല്ലിയിരുന്നു. പക്ഷേ അതിന് വളരാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ സഹജാവബോധം ഉന്നതമായിരുന്നു. പക്ഷേ അത് മനസ്സിനകത്ത് അത് കൂടിക്കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അകത്ത് അല്ലാഹു സ്വീകാര്യതയുടെ ധാതു സന്നിവേശിപ്പിച്ചിരിക്കുന്നു. പക്ഷേ അതിന് ഇതുവരേയും അവസരങ്ങൾ ലഭിച്ചിരുന്നില്ല. തന്റെ വികാരങ്ങൾ ഉണരേണ്ട സമയം ഇപ്പോൾ സമാഗതമായെന്നും സഹജാവബോധം വളരേണ്ട ഘട്ടമാണെന്നും ഇപ്പോൾ അല്ലാഹുതന്നെ അവനിലേക്ക് വിളിക്കുകയാണെന്നും കണ്ട ഹദ്റത്ത് അലി കുട്ടിയായിരുന്നെങ്കിലും തന്റെ വേദനാനിർഭരമായ ഹൃത്തടവുമായി, ലജ്ജാപൂർവം മുന്നോട്ടുവന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ ഇളയമ്മ വിശ്വസിച്ച കാര്യത്തിൽ, സയ്ദ് വിശ്വസിച്ച കാര്യത്തിൽ, ഞാനും വിശ്വാസം സ്വീകരിക്കുകയാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: ഒരിക്കൽ തിരുനബി(സ)ഉം ഹദ്റത്ത് അലിയും മക്കയിലെ ഒരു താഴ്വാരത്ത് നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് അതിലൂടെ അബൂത്വാലിബ് കടന്നു പോകാനിടയായി. അബൂത്വാലിബിന് ഇസ്ലാമിനെ സംബന്ധിച്ച് യാതൊരു അറിയിപ്പും ഇല്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം അവിടെ നിന്ന് ഈ കാഴ്ചകളെല്ലാം വളരെ അത്ഭുതത്തോടെ നോക്കിക്കൊണ്ട് നിന്നു. അങ്ങനെ തിരുനബി(സ) നമസ്കാരം പൂർത്തിയാക്കിയപ്പോൾ അദ്ദേഹം ചോദിച്ചു: സഹോദരപുത്രാ! ഇത് ഏത് ദീനാണ് നീ സ്വീകരിച്ചിരിക്കുന്നത്? തിരുനബി(സ) പറഞ്ഞു: പിതൃവ്യാ! ഇത് ഇലാഹിന്റെ ദീനാകുന്നു. ഇബ്രാഹീമിന്റെ ദീനാകുന്നു. അങ്ങനെ തിരുനബി(സ) ചുരുങ്ങിയ നിലയിൽ അബൂത്വാലിബിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ അബൂത്വാലിബ്, തനിക്ക് തന്റെ പൂർവ പിതാക്കളുടെ മതം ഉപേക്ഷിക്കാൻ സാധ്യമല്ലെന്ന് പറഞ്ഞ് അത് നിരാകരിക്കുകയാണുണ്ടായത്. അതോടൊപ്പം തന്റെ മകൻ ഹദ്റത്ത് അലിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: മകനേ! നീ തീർച്ചയായും തിരുനബി(സ)ന്റെ കൂടെ നിൽക്കുക. കാരണം തിരുനബി(സ) നിന്നെ നന്മയിലേക്കല്ലാതെ നയിക്കുന്നതല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: തിരുനബി(സ) ഹദ്റത്ത് അലിയോട് പറഞ്ഞു: ഒരു ഭക്ഷണത്തിന്(സദ്യക്ക്) ഏർപ്പാട് ചെയ്യുക. അതിൽ അബ്ദുൽമുത്വലിബിന്റെ ആളുകളെ ക്ഷണിക്കണം. അങ്ങനെ അതുമുഖേന അവർക്ക് സത്യസന്ദേശം എത്തിക്കുവാനാണ്.

ഹദ്റത്ത് അലി ഭക്ഷണത്തിന് ഏർപ്പാട് ചെയ്തു. തിരുനബി(സ) തന്റെ ഏറ്റവും അടുത്ത ബന്ധുക്കളെ , അവർ ഏറെക്കുറെ 40 പേർ ഉണ്ടായിരുന്നു, ഈ ഭക്ഷണത്തിന് വിളിച്ചിരുന്നു. അവർ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ തിരുനബി(സ) അല്പം പ്രഭാഷണം നടത്താൻ ആഗ്രഹിച്ചു. പക്ഷേ ദുർഭഗനായ അബൂലഹബ് എന്തോ ഒരു കാര്യം പറയുകയും അത്കാരണം ജനങ്ങൾ പിരിഞ്ഞു പോവുകയുംചെയ്തു. അപ്പോൾ തിരുനബി(സ) ഹദ്റത്ത് അലിയോട് പറഞ്ഞു: ഈ സന്ദർഭം നഷ്ടപ്പെട്ടിരിക്കുന്നു. വീണ്ടും ഭക്ഷണത്തിന് ഏർപ്പാട് ചെയ്യുക. അങ്ങനെ തിരുനബി(സ)യുടെ കുടുംബക്കാർ വീണ്ടും ഒത്തുകൂടി. അവരെ സംബോധന ചെയ്തുകൊണ്ട് തിരുനബി(സ) പറഞ്ഞു: അല്ലയോ ബനു അബ്ദുൽ മുത്വലിബ്! ഞാൻ നിങ്ങളുടെ പക്കൽ കൊണ്ടുവന്നിരിക്കുന്നതിനേക്കാളും ഉത്തമമായ കാര്യം, ആരും തങ്ങളുടെ ഗോത്രത്തിലേക്ക് കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. നിങ്ങൾ എന്റെ കാര്യം അംഗീകരിക്കുകയാണെങ്കിൽ, നിങ്ങൾ ഇഹപരലോകങ്ങളുടെ ഏറ്റവും നല്ല അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതാണ്. ഇനി പറയുക, ആരാണ് ഇക്കാര്യത്തിൽ എന്നെ സഹായിക്കാൻ തയ്യാറായിട്ടുള്ളത്? എല്ലാവരും നിശബ്ദരായിരുന്നു. എങ്ങും നിശബ്ദതയായിരുന്നു. പെട്ടെന്ന് ഒരു ഭാഗത്തുനിന്ന് 13 വയസുള്ള മെലിഞ്ഞ ഒരു കുട്ടി, അവന്റെ കണ്ണിൽനിന്ന് അശ്രു പൊഴിയുന്നുണ്ടായിരുന്നു. എഴുന്നേറ്റ് നിന്ന് ഇങ്ങനെ പറഞ്ഞു: ഞാൻ ഏറ്റവും ദുർബലനും ചെറിയവനും ആകുന്നു. പക്ഷേ ഞാൻ അങ്ങയോടൊപ്പം നിലകൊള്ളുന്നതാണ്. ഇത് ഹദ്റത്ത് അലിയുടെ ശബ്ദമായിരുന്നു. തിരുനബി(സ), ഹദ്റത്ത് അലിയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ബന്ധുക്കളെ നോക്കിക്കൊണ്ട് പറഞ്ഞു: നിങ്ങൾ മനസിലാക്കുന്നവർ ആണെങ്കിൽ ഈ കുട്ടിയുടെ വാക്കുകൾ ശ്രദ്ധിക്കുകയും അംഗീകരിക്കുകയും ചെയ്യുവിൻ! കൂടെയിരുന്നവർ ഈ കാഴ്ച കണ്ടപ്പോൾ അതിൽ നിന്ന് പാഠം ഉൾക്കൊള്ളുന്നതിന് പകരം, എല്ലാവരും പൊട്ടിച്ചിരിക്കുകയാണ് ചെയ്തത്. അബൂലഹബ് തന്റെ മൂത്ത സഹോദരനോട് പറഞ്ഞു: ഇപ്പോൾ മുഹമ്മദ് നിങ്ങളുടെ മകനെ പിന്തുടരാനാണ് കൽപ്പിക്കുന്നത്. തുടർന്ന് അവർ ഇസ്ലാമിന്റെയും തിരുനബി(സ)ന്റെ

യും ദൗർബല്യത്തെ പരിഹസിച്ചുകൊണ്ട് പിരിഞ്ഞു പോയി.

തിരുനബി(സ)ന്റെ ഹിജ്റത്ത് വേളയിൽ ഹദ്റത്ത് അലിയുടെ ത്യാഗത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഇങ്ങനെ വിവരിക്കുന്നു:

അല്ലാഹു ഹദ്റത്ത് അലിക്ക് മഹത്തായ ത്യാഗത്തിന് സൗഭാഗ്യം നൽകുകയുണ്ടായി. തിരുനബി(സ) രാത്രി സമയത്ത് ഹിജ്റത്ത് ചെയ്ത് വീട്ടിൽ നിന്ന് പോകാൻ ആഗ്രഹിച്ചപ്പോൾ തിരുനബി(സ) ഹദ്റത്ത് അലിയോട് പറഞ്ഞു: നിങ്ങൾ എന്റെ വിരിപ്പിൽ കിടക്കണം. ജനങ്ങൾ എത്തിവലിഞ്ഞു നോക്കുമ്പോൾ ഒരാൾ കിടക്കയിലുണ്ടെന്ന് കാണുകയും അങ്ങനെ അവർ പിന്തുടരാതിരിക്കുകയും ചെയ്യും. ആ സമയത്ത് ഹദ്റത്ത് അലി, യാ റസൂലല്ലാഹ്! വീടിനു പുറത്ത് ഖുറൈശികളിലെ എണ്ണപ്പെട്ട യുവാക്കൾ ഊരിയ വാളുകളുമായി നിൽക്കുകയാണെന്നും, അങ്ങ് പുറത്തേക്ക് പോയെന്ന് രാവിലെ അറിയാൻ ഇടയായാൽ അവർ എന്നെ അക്രമിച്ച് കൊലപ്പെടുത്തുമെന്നുമല്ല പറഞ്ഞത്. മറിച്ച് വളരെ സമാധാനത്തിൽ ഹദ്റത്ത് അലി, റസൂൽ കരിം(സ)ന്റെ കിടക്കയിൽ കിടക്കുകയും തിരുനബി(സ) തന്റെ പുതപ്പ് അദ്ദേഹത്തിന് മേൽ വിരിക്കുകയും ചെയ്തു. രാവിലെ, ഖുറൈശികൾ മുഹമ്മദ് റസൂലുല്ലാഹ്(സ)നു പകരം ഹദ്റത്ത് അലി, തിരുനബി(സ)ന്റെ കിടക്കയിൽ നിന്ന് എഴുന്നേൽക്കുന്നത് കണ്ടപ്പോൾ അവർ തങ്ങളുടെ പരാജയത്തിൽ പല്ലിറുമ്മുകയായിരുന്നു. അവർ അലിയെ പിടികൂടുകയും മർദ്ദിക്കുകയും ചെയ്തു. പക്ഷേ അതുകൊണ്ട് എന്തു കാര്യം? ദൈവികവിധി നടപ്പിൽ വരികയും മുഹമ്മദ് റസൂലുല്ലാഹ്(സ) സമാധാനത്തോടെ മക്കയിൽ നിന്ന് പുറത്തേക്ക് പോകുകയുംചെയ്തു. ആ സമയത്ത്, ഈ വിശ്വാസസ്ഥൈര്യത്തിന് തനിക്ക് എന്താണ് കിട്ടുകയെന്ന് ഹദ്റത്ത് അലിക്ക് എന്തെറിയാം? എന്നാൽ ഈ ത്യാഗത്തിന് പകരം, ഹദ്റത്ത്അലി മാത്രമല്ല, മറിച്ച് ഹദ്റത്ത് അലിയുടെ സന്തതികളും അന്തസ്സിന് പാത്രമാകുമെന്ന്അല്ലാഹുവിന് അറിയാമായിരുന്നു. അങ്ങനെ അല്ലാഹു ഹദ്റത്ത് അലിക്ക് ഏറ്റവും ആദ്യം നൽകിയ അനുഗ്രഹം, തിരുനബി(സ)ന്റെ ജാമാതാവ് എന്ന ബഹുമതിയാണ്. രണ്ടാമതായി അല്ലാഹു അദ്ദേഹത്തിന് നൽകിയ അനുഗ്രഹം, തിരുനബി(സ)ന്റെ ഹൃദയത്തിൽ അദ്ദേഹത്തോട് എത്ര മാത്രം സ്നേഹം ഉണ്ടായെന്നാൽ, തിരുനബി(സ) അദ്ദേഹത്തെ പ്രകീർത്തിക്കുകയുണ്ടായി.

ജുമുഅ ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ്, അഹ്മദിയ്യാ വിരോധികൾ 2020 നവംബർ 20ന്, കഴിഞ്ഞ ജുമുഅ ദിവസം ജുമുഅക്ക്ശേഷം ഫയർ ചെയ്തു ശഹീദാക്കിയ ഡോ. ത്വാഹിർ മഹ്മൂദ് സാഹിബ് ശഹീദ്, അതുപോലെ സിയറാലിയോൺ നാഷണൽ ജനറൽ സെക്രട്ടറി ജമാലുദ്ദീൻ മഹ്മൂദ് സാഹിബ്, മർഹൂം ചൗധരി സ്വലാഹുദ്ദീൻ സാഹിബിന്റെ ഭാര്യ, അമത്തുസലാംസാഹിബ, ഡോ. ലത്വീഫ് ഖുറയ്ശി സാഹിബിന്റെ മാതാവ് മൻസൂറാ ബുശ്റാ സാഹിബ എന്നിവരുടെ സ്വഭാവ മഹിമകൾ വിവരിക്കുകയും നമസ്കാരത്തിനുശേഷം ഈ എല്ലാവരുടേയും ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരം ചെയ്യുകയുംചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 27.11.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516